# Athmaraksha.org

നമ്മുടെ കടമകളും ഉത്തരവാദിത്വങ്ങളും

## അമ്മമാർ സമ്മാനമാണ് ഫ്രാൻസീസ് പാപ്പ



കുടുംബത്തിൽ അമ്മമാർ എങ്ങനെയാണ് തങ്ങളുടെ റോൾ ഭംഗിയാക്കുന്നത് എന്നതിനെക്കുറിച്ച് ഫ്രാൻസീസ് പാപ്പാ ജനറൽ ഓഡിയൻസിൽ വിശദീകരിച്ചു. ഇന്നത്തെ സ്വയം കേന്ദ്രീകൃതസമൂഹത്തിൽ, വ്യക്തിവാദം ശക്തിപ്പെടുന്ന സമൂഹത്തിൽ അവയ്ക്കെതിരെ പോരാടുന്ന പ്രധാനിയാണ് 'അമ്മ' എന്ന് പാപ്പ പറയുന്നു.

"ഒരമ്മയായിരിക്കുക എന്നത് അമൂല്യമായ കാര്യമാണ്. ത്യാഗപൂർണ്ണവും പരിധികളില്ലാത്തതുമായ ജീവിതമാണ് ഒരമ്മ മക്കൾക്കായി നയിക്കുന്നത്. വ്യക്തിവാദത്തിനെതിരെയുള്ള മറുമരുന്നാണ് മാതൃത്വം. യുദ്ധത്തിന്റെ ഏറ്റവും വലിയ ശത്രുക്കളാണ് അവർ ജനറൽ ഓഡിയൻസിലെ തീർത്ഥാടകരോട് പാപ്പാ പറഞ്ഞു.

അനുദിനജീവിതത്തിൽ അമ്മമാർ വേണ്ടവിധം വിലമതിക്കപ്പെടുന്നില്ലെന്ന് പാപ്പാ പരിതപിച്ചു."കുട്ടികൾക്ക് ജന്മം നൽകുന്നവർ മാത്രമല്ല അമ്മമാർ. ഒട്ടനവധി ത്യാഗങ്ങൾ സഹിച്ച് മാനുഷികവും മതപരവുമായ മൂല്യങ്ങൾക്ക്‌വേണ്ടി ജീവിക്കുകയും അവ കുട്ടികളെ പഠിപ്പിക്കുകയും ചെയ്യുന്നവരാണ് അമ്മമാർ. സമൂഹനിർമ്മിതിയ്ക്ക് അവർ നൽകുന്ന സംഭാവനകൾ അമൂല്യമാണ്." പാപ്പാ കൂട്ടിച്ചേർത്തു.

"പക്ഷേ, അമ്മമാർ മിക്കപ്പോഴും അവഗണിക്കപ്പെടുകയും ചൂഷണം ചെയ്യ പ്പെടുകയും ചെയ്യുന്നു. ക്രിസ്ത്യൻസമൂഹത്തിൽപോലും ഇതാണവസ്ഥ. അമ്മയുടെ മാതൃക നമുക്ക് മുന്നിലുണ്ടെങ്കിലും നമ്മുടെ അമ്മമാരെ നമ്മൾ ബഹുമാനിക്കാറില്ല. നമ്മൾ അവരെ ശ്രവിക്കുകയോ സഹായിക്കുകയോ ചെയ്യുന്നില്ല. അവരുടെ സഹനവും നന്മയും പ്രോത്സാഹിപ്പിക്കപ്പെടുകയോ അംഗീകരിക്കപ്പെടുകയോ ചെയ്യുന്നില്ല."

'അമ്മമാരുടെ രക്തസാക്ഷിത്വം' എന്ന പദവും പാപ്പാ പ്രസംഗത്തിൽ ഉപയോഗിച്ചു. 1980-ൽ കുർബാനമദ്ധ്യേ കൊല്ലപ്പെട്ട എൽസാൽവദോറിലെ ആർച്ച്ബിഷപ്പായിരുന്ന ഓസ്കാർ റൊമേരയുടെ ഒരു പ്രയോഗമാണ് 'അമ്മമാരുടെ രക്തസാക്ഷിത്വം' എന്നത്. പ്രാർത്ഥനയിലും നിശ്ശബ്ദതയിലും തങ്ങളെത്തന്നെ പൂർണ്ണമായി സമർപ്പിക്കുന്ന കഴിവാണിതെന്ന് പാപ്പാ വ്യാഖ്യാനിച്ചു. ആരവമോ അമിതപ്രകടനമോ ഇല്ലാതെയാണ് ഓരോ അമ്മയും തന്റെ മാതൃത്വകടമകൾ നിർവ്വഹിക്കുന്നത്.

''വിശ്വാസത്തിന്റെ ആദ്യകിരണം നമുക്ക് നൽകിയത് അമ്മമാരാണ്. അതില്ലായി രുന്നുവെങ്കിൽ നമ്മൾ ആരുടെയും വിശ്വാസം ആഴപ്പെടുമായിരുന്നില്ല.'' എല്ലാ അമ്മ മാരോടും നന്ദി പറയാൻ തന്നോടൊപ്പം ചേരാൻ ആഹ്വാനം ചെയ്താണ് പാപ്പാ പ്രസംഗം അവസാനിപ്പിച്ചത്. ''അവർ ആയിരിക്കുന്ന അവസ്ഥയ്ക്ക്, സഭയ്ക്കും ലോക ത്തിനും അവർ നൽകിയ നന്മകൾക്ക് നമ്മൾ ഓരോരുത്തരും നന്ദി പറയുക.''

തന്റെ ഏകപുത്രനെ ലോകത്തിനുവേണ്ടി നൽകിയവളാണ് പരിശുദ്ധ അമ്മ. പരിശുദ്ധ അമ്മയുടെ ഓർമ്മ സഭയിലെ എല്ലാ അമ്മമാരെയും കുറിച്ച് ചിന്തിക്കാനുള്ള അവസരമാണ് നമുക്ക് നൽകുന്നത്. പരിശുദ്ധ അമ്മ അമൂല്യമായ മഹത്വവത്ക്ക രണമാണ് മാതൃത്വത്തിന് നൽകിയിരിക്കുന്നത് എന്ന കാര്യം ചിന്തിക്കേണ്ടതാണെന്ന് പാപ്പാ എടുത്തു പറഞ്ഞു.

''നമ്മുടെ ജീവിതത്തിനും മറ്റെല്ലാ കാര്യങ്ങൾക്കും അമ്മമാർ നൽകിയ സംഭാവന വളരെ വലുതാണ് എന്ന് നമ്മളെല്ലാവരും പറയുന്നു. എന്നാൽ ദൈനംദിന ജീവിതത്തിൽ അവർ ചെയ്യുന്ന കാര്യങ്ങൾ പ്രശംസിക്കപ്പെടാറില്ല. അമ്മമാർ മക്കൾക്ക് ലഭിക്കുന്ന സമ്മാന മാണ്. സമൂഹത്തിന്റെ സ്വയംകേന്ദ്രീകൃതമനോഭാവത്തിന് മാറ്റം വരുത്താൻ തങ്ങളുടെ ത്യാഗത്തിലൂടെയും സ്നേഹത്തിലൂടെയും ഓരോ അമ്മയ്ക്കും കഴിയും.'' പാപ്പാ വിശ ദീകരിച്ചു.